(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ബി.പി./326/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,തീയതി.20.02.2017.

ഫോൺ 0471-2331231

E-mail lfadtvm@yahoo.in

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നേമം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : നേമം ബ്ലോക്ക് പഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദി കളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേ ണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്/-

ജോയിന്റ് ഡയറക്ടർ.

പകർപ്പ്:

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) സെക്രട്ടറി, ത.സ്വ.ഭ.വകുപ്പ്, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3) അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, തിരുവനന്തപുരം

4) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ബി.പി./326/2017 തീയതി: 20.2.2017

തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2015 മുതൽ 31.04.2016വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും 2015-16 വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.വി.എം.മോഹനൻപിള്ള, ജോയിന്റ് ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 16-01-2017 മുതൽ 21-01-2017വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം. | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ.സഞ്ജയ്.പി.ഐ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ.കോസലരാമദാസ്.കെ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 3 | ശ്രീ.ലിപു.എസ്.ലോറൻസ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

പ്രസിഡന്റ് - ശ്രീ.മണികണ്ഠൻ- 01/04/2015 മുതൽ 31/03/2016 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.ബി. കൃഷ്ണൻകുട്ടിനായർ "അനുപമം", മൂഴിയിൽ,വിട്ടിയം,പേയാട് പി.ഒ. ശ്രീമതി അന്ന "അനുഗ്രഹ", മുതുപിലക്കാട് പി.ഒ., ശാസ്താംകോട്ട,കൊല്ലം | 01.04.2015–08.02.2016 22.02.2016–31.03.2016 |

| | | |
|---|---|---|
| | | |
| ക്ഷീരവികസന ഓഫീസർ | ജയശ്രീ ബി., "മിഥില" കേശവദാസപുരം, പട്ടം പി.ഒ. | 01.04.2015–31.03.2016 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | കെ.ബോബൻ "ദേവാംഗന", ടി.സി.19/1842/(2), പി.എൻ. ആർ.എ.64,പൂജപ്പുര,പൂജപ്പുര പി.ഒ. | 01.04.2016–31.03.2016 |
| മെഡിക്കൽ ഓഫീസർ (വിളപ്പിൽ) | ഡോ.സതീഷ് കുമാർ, "ഉഷസ്", ഫ്ലാറ്റ് നം .403, ഇ.എം.എസ്.നഗർ, പാറ്റൂർ, വഞ്ചിയൂർ<br>ഡോ.നിജ്ജ ജി., "നാരായണീയം" ഐ.ഒ.സി. പമ്പിന് എതിർവശം, കാട്ടാക്കട പി.ഒ | 01.04.2015–31.12.2015<br>07.01.2016–31.03.2016 |
| കൃഷി, അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി വി.ജി.ഷീജ, "സൗപർണ്ണിക", മേട്ടുക്കട, തൈക്കാട് പി.ഒ. | 01.04.2015–31.03.2016 |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. അബ്ദുള്ളക്കുഞ്ഞ്, "കിളിക്കൂട്", മൊട്ടമൂട്, സ്വാതിനഗർ, നരുവാമൂട് പി.ഒ. | 01.04.2015–31.03.2016 |
| മെഡിക്കൽ ഓഫീസർ (മലയിൻകീഴ്) | ഡോ.രമ ഗാർനറ്റ്, "ഗായത്രി ",<br>നീറമൺകര തിരുവനന്തപുരം 13 | 01.04.2015–31.03.2016 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം – 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1- 8 | |

| | | | |
|---|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം - 2 | | |
| | ഇല്ല | | |
| | ഭാഗം - 3 | | |
| 12 | ജൈവപച്ചക്കറിക്കൃഷി - ലക്ഷ്യം കൈവരിച്ചില്ല | 3-1 | |
| 13 | പൊതുമരാമത്ത് പ്രവൃത്തികൾ - അവലോകനം | 3-2 | |
| 14 | സംസ്ഥാനത്ത് ബ്ലോക്കിനുകീഴിലുള്ള ഏക ഗ്രന്ഥശാല | 3-3 | |
| 15 | ഹൈടെക് പശു ഫാം - അനുകരണീയം | 3-4 | |
| 16 | ടൂ വീലർ ലൈസൻസില്ലാത്ത വികലാംഗർക്ക് മുച്ചക്രവാഹന വിതരണം | 3-5 | |
| 17 | വലിയകോണം - കരുവിലാഞ്ചി റോഡ് റീ ടാറിംഗ് | 3-6 | |
| 18 | സി എച്ച് സി മലയിൻകീഴ് - ഓഫീസ് അനിവാര്യ ചെലവുകൾ - ബിൽ ബുക്ക് ഹാജരാക്കിയില്ല - 400000/- രൂപ തടസ്സപ്പെടുത്തുന്നു | 3-7 | |
| 19 | മലയിൻകീഴ് ഫെസ്റ്റ് 2015 – അപാകതകൾ | 3-8 | |
| 20 | പദ്ധതി രൂപീകരണത്തിൽ പാളിച്ച – 500,000/- രൂപ തടസ്സപ്പടുത്തുന്നു | 3-9 | |
| 21 | ഐ എ വൈ ഭവന നിർമ്മാണം - പണി പൂർത്തിയാക്കിയിട്ടില്ല | 3-10 | |
| | ഭാഗം - 4 | | |
| 22 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 23 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 25 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 26 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |

| | | | |
|---|---|---|---|
| 27 | ഓഡിറ്റ് റിക്കവറി | 4-6 | |
| 28 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 23/03/2015 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 54,88,65,000/-രൂപയും പ്രതീക്ഷിത ചെലവ് 54,81,83,000/-രൂപയും നീക്കിയിരിപ്പ് 6,82,000/-രൂപയും ആയിരുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2016 | 3-8-2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 05.01.2016 | അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

സർട്ടിഫിക്കറ്റ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 23713365

വരവ് - 162686982

ആകെ - 186400347

ചെലവ് - 154041632

നീക്കിയിരിപ്പ് - 32358715

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 4316380 | 19046491 | | 23362871 | 23362871 | |
| വികസനഫണ്ട് എസ്.സി.പി. | 1966269 | 8880370 | | 10846639 | 10846639 | |
| വികസനഫണ്ട് ടി.എസ്.പി. | --- | 269000 | | 269000 | 269000 | |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 516317 | 1828594 | -- | 2344911 | 2344911 | -- |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 106 | 87074465 | 39 | 36823421 | - | 67 | 36.79% |

## 1-7 തനത് വരുമാനം

ഇല്ല

## 1-8 ക്ഷേമപദ്ധതികൾ

ഇല്ല

## 1-9 ക്യാഷ് വെരിഫിക്കേഷൻ

ഇല്ല

## 1-10 ആഭ്യന്തരനിയന്ത്രണം

പ്രോജക്ടുമായി ബന്ധപ്പെട്ട വൗച്ചറുകൾ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് യോഗവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചതിൽ പ്രവർത്തനം ശുഷ്കമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മോണിറ്ററിംഗ് സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15/11/2016 | 2015 - 2016 | 15/12/2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | - | - | - |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

**- -**

ഇല്ല

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ജൈവപച്ചക്കറിക്കൃഷി - ലക്ഷ്യം കൈവരിച്ചില്ല

| പ്രോജക്ട് നം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| 128/2015-16 | 500,000/-രൂപ | 90,000/- രൂപ<br>ബിൽ നം. 3/15-16 തീയതി 31.3.2016 | 18% |

ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്തുകൾ എന്നിവ ചേർത്ത് നടത്തിയ ഈ സംയുക്ത പ്രോജക്ടിൽ സ്പ്രെയറിന്റെയും നിലം ഒരുക്കുന്നതിന്റെയും ചെലവാണ് ബ്ലോക്ക് പഞ്ചായത്ത് നൽകിയത്. നേമം ബ്ലോക്ക് പഞ്ചായത്തിൽ ഏഴ് ഗ്രാമപ്പഞ്ചായത്തുകൾ ഉള്ളതിൽ വിളപ്പിൽ, മലയിൻകീഴ് എന്നീ രണ്ട് ഗ്രാമപ്പഞ്ചായത്തുകളിൽ മാത്രമേ ഈ പദ്ധതി നടപ്പിലാക്കിയുള്ളൂ. ജൈവപച്ചക്കറിക്ക് വളരെയേറെ പ്രാധാന്യമുള്ള ഈ കാലഘട്ടത്തിൽ പദ്ധതി അടങ്കലിന്റെ 18% മാത്രമേ ചെലവാക്കാൻ കഴിഞ്ഞുള്ളൂ എന്നത് വലിയ വീഴ്ചയാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്,4.7.2015 ന് 387/2015-16 ഡിപിസി/ഡിപിഒ/റ്റിവിഎം. പ്രകാരം അനുമതി ലഭിച്ചെങ്കിലും മറ്റ് ഗ്രാമപ്പഞ്ചായത്തുകൾ ഗുണഭോക്തൃപട്ടിക നല്കാത്തതാണ് മറ്റിടങ്ങളിൽ പദ്ധതി നടപ്പിലാക്കാൻ സാധിക്കാത്തതിന് കാരണം എന്നറിയിച്ചു. യഥാസമയം ഗുണഭോക്തൃപട്ടികകൾ ലഭ്യമാക്കിയും ജലലഭ്യത കുറവായ മാർച്ച് - ഏപ്രിൽ മാസങ്ങളിൽ പദ്ധതി നടപ്പിലാക്കാൻ ശ്രമിച്ചാൽ ജനപങ്കാളിത്തം കുറയും എന്ന വസ്തുത ഉൾക്കൊണ്ട്, മൺസൂണിനോട് ബന്ധപ്പെടുത്തിയും ഇത്തരം പദ്ധതികൾ വിജയകരമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 പൊതുമരാമത്ത് പ്രവൃത്തികൾ - അവലോകനം

| മരാമത്ത് പ്രവൃത്തികൾ (സ്പിൽ ഓവർ ഉൾപ്പെടെ) | നടപ്പാക്കിയവ | നടപ്പാക്കിയ പ്രവൃത്തികൾ ശതമാനത്തിൽ | അടങ്കൽ തുക | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 72 | 8 (തൻവർഷം 5 + സ്പിൽ ഓവർ 3) | 8.33% | 44578660/- | 3229713/- | 7.24% |

ടി വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/17 തിയതി 17.01.2017) ലഭ്യമാക്കിയ മറുപടി പ്രകാരം 2015-16 വർഷം നേമം ബ്ലോക്ക് പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കാനാണ് അംഗീകാരം വാങ്ങിയിരുന്നതെന്നും ടി പ്രവൃത്തികളുടെ നിർവ്വഹണ സമയത്ത് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് WP (c) No: 15444, 15636, 18954, 20172, 822070/2015 തിയതി 05.10.2015 പ്രകാരം എൽ.എസ്.ജി.ഡി.യിലൂടെ നടപ്പിലാക്കുന്ന 5 ലക്ഷം രൂപയും അതിനുമുകളിലുമുള്ള എല്ലാ പ്രവൃത്തികളും ഇ–ടെണ്ടർ വഴി നടപ്പിലാക്കാനാണ് ഉത്തരവായിരുന്നതെന്നും എന്നാൽ ഈ സമയം ബഹു. ഹൈക്കോടതി ഉത്തരവിന് വിപരീതമായി ചില സർക്കാർ ഉത്തരവുകൾ ഉണ്ടായിരുന്നതിനാൽ, നടപ്പിലാക്കുന്ന രീതിയെക്കുറിച്ച് അനിശ്ചിതത്വം ഉണ്ടായിരുന്നുവെന്നും ഉപാധികളോടെ പ്രോജക്ട് നടപ്പിലാക്കുന്ന സമയത്ത് നിലവിലുള്ള നിയമമനുസരിച്ച് പദ്ധതികൾ ടെണ്ടറോ ഗുണഭോക്തൃ സമിതിയോ മുഖേന നടപ്പിലാക്കാനാണ് അനുമതി ലഭിച്ചിരുന്നതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മാത്രമല്ല, കോടതി ഉത്തരവിനെ ചോദ്യം ചെയ്ത് സ്വകാര്യവ്യക്തി ഹൈക്കോടതിയിൽ നല്കിയ wp(c) No.33355/2015(7) തിയതി 06.11.2015 പ്രകാരം കോടതിയുടെ അന്തിമവിധിക്ക് വിധേയമായി മാത്രമേ ടെണ്ടർ പ്രക്രിയയുടെ അന്തിമഘട്ടം ചെയ്യാവൂ എന്ന താത്ക്കാലിക ഉത്തരവ് ഹൈക്കോടതിയിൽ നിന്ന് ലഭിക്കുകയുണ്ടായി. ബഹു. ഹൈക്കോടതിയുടെ അന്തിമ ഉത്തരവ് 2016 മാർച്ച് 11ന് ടെണ്ടർ നടത്തുന്നതിന് അനുകൂലമായി ലഭിച്ചു. എന്നാൽ പ്രസ്തുതസമയത്ത് ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലനിന്നിരുന്നതിനാൽ ടെണ്ടർ

നടപടികൾക്ക് തെരഞ്ഞെടുപ്പ് കമ്മിഷന്റെ അനുവാദം ആവശ്യമായിരുന്നു. ടി അനുവാദം ലഭ്യമായത് 19.04.2016ൽ മാത്രമായിരുന്നു. സാമ്പത്തികവർഷം അവസാനിച്ച സാഹചര്യത്തിൽ 2015-16 സാമ്പത്തിക വർഷത്തെ പ്രവൃത്തികൾ മുൻഗണനാക്രമം അനുസരിച്ച് സ്പിൽ ഓവറായി ഉൾപ്പെടുത്തി 2016-17 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണെന്നാണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നല്കിയത്.

2015-16 സാമ്പത്തിക വർഷത്തിൽ 5 ഏകവർഷ പ്രോജക്ടുകളും 3 സ്പിൽ ഓവർ പ്രോജക്ടുകളും മാത്രമാണ് ബ്ലോക്ക് പഞ്ചായത്ത് പൂർത്തീകരിച്ചിട്ടുള്ളത്. പദ്ധതി ആസൂത്രണത്തിന്റെ ആവശ്യകതയും പൊതു വ്യവസ്ഥകളും പ്രകാരം സാമ്പത്തിക വികസന ത്തിനും സാമൂഹ്യനീതിക്കും വേണ്ടി വികസന പദ്ധതികൾ തയ്യാറാക്കേണ്ടത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ് [12-ാം പഞ്ചവത്സര പദ്ധതി (2012-17) പുതുക്കിയ മാർഗ്ഗരേഖ ജി.ഒ.(എം.എസ്.)362/2013/തസ്വഭവ തീയതി 16.11.2013] സാമ്പത്തിക വർഷം ആരംഭിച്ച് 6 മാസമായപ്പോഴാണ് ബഹു. ഹൈക്കോടതിയുടെ ഇ–ടെണ്ടർ സംബന്ധിച്ച വിധിയുണ്ടായത്. അതുവരെ ബ്ലോക്ക് പഞ്ചായത്ത് പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്താതിരുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാൻ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി ജാഗ്രത പുലർത്തേണ്ടതാണ്.

## 3-3 സംസ്ഥാനത്ത് ബ്ലോക്കിനുകീഴിലുള്ള ഏക ഗ്രന്ഥശാല-ലൈബ്രറി കൗൺസിലിൽ നിന്നും അംഗീകാരം വാങ്ങുന്നതിലും ലൈബ്രറി നടത്തിപ്പിലും വീഴ്ച

| പ്രോജക്ട് നം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| 66/2015-16 | 130,000/-രൂപ | 128,000/- രൂപ | 98.46% |

സംസ്ഥാനത്ത് ബ്ലോക്കിനു കീഴിലുള്ള ഏക ഗ്രന്ഥശാലയാണ് നേമം ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കവി എ.അയ്യപ്പൻ മെമ്മോറിയൽ ഗ്രന്ഥശാല. ടി ഗ്രന്ഥശാലയ്ക്ക് ലൈബ്രറി കൗൺസിലിൽ നിന്നും അംഗീകാരം വാങ്ങുന്നതിനായി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. 2287 പുസ്തകങ്ങളും 110 അംഗങ്ങളും ഉള്ള ഈ ഗ്രന്ഥശാല യിലാണ് കാട്ടാക്കട പ്രസ് ക്ലബിന്റെ മീഡിയാ സെന്ററും പ്രവർത്തിക്കുന്നത്. 2015-16 സാമ്പത്തിക വർഷം പുസ്തകങ്ങൾ, ഫർണ്ണിച്ചറുകൾ എന്നിവ വാങ്ങാനായി ബ്ലോക്ക് പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും 128000/-രൂപ ചെലവഴിച്ചിട്ടുണ്ട്. അംഗങ്ങളുടെ മാസവരി തുക പിരിച്ചെടുക്കുന്നതിലും പുസ്തകങ്ങൾ യഥാസമയം തിരികെ വാങ്ങുന്നതിനോ, തിരികെ നൽകാത്തവരിൽ നിന്നും പിഴ ഈടാക്കുന്നതിനോ നടപടി സ്വീകരിക്കാത്തത് ഗ്രന്ഥശാലയുടെ പുരോഗതിയ്ക്ക് തടസ്സം സൃഷ്ടിക്കുന്നു. ഇവ പരിഹരിക്കാനും ലൈബ്രറി കൗൺസിലിന്റെ അംഗീകാരം വാങ്ങുന്നതിനും അംഗസംഖ്യ വർദ്ധിപ്പിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 ഹൈടെക് പശു ഫാം - അനുകരണീയം

നേമം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ മൊട്ടമൂട് ക്ഷീര സഹകരണസംഘത്തിനുകീഴിലെ ഹൈടെക് പശു ഫാം അനുകരണീയമായ ഒരു മാതൃകയാണ് എന്ന് സ്ഥലപരിശോധനയിൽ ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുണ്ട്. പാലുത്പാദനത്തിൽ കേരളത്തെ സ്വയംപര്യാപ്തമാക്കാൻ എല്ലാ ബ്ലോക്ക് പഞ്ചായത്തിലും ഹൈടെക് പശു ഫാം എന്ന ആശയത്തിന്റെ ചുവട്പിടിച്ച് നേമം ബ്ലോക്ക് പഞ്ചായത്ത് 50 സെന്റ് സ്ഥലം വർഷം 2000/- രൂപ നിരക്കിൽ 30 വർഷത്തേയ്ക്ക് സർക്കാരിൽ നിന്ന് പാട്ടത്തിനെടുത്താണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. 2014-15 സാമ്പത്തികവർഷം 15 ലക്ഷം രൂപയും 2015-16 സാമ്പത്തിക വർഷം 12,22,000/- രൂപയും പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. നിലവിൽ HF, ജേഴ്സി, ബ്രൗൺ സ്വിസ് എന്നീ ഇനങ്ങളിലെ 41 പശുക്കളുള്ള ഈ ഫാം തുടർന്നുള്ള വർഷങ്ങളിലും പ്രോജക്ടുകളിലൂടെ വികസിപ്പിക്കുന്നത് മറ്റുള്ളവരെയും പശു വളർത്തലിലേക്ക് ആകർഷിക്കുന്നതിനും നേമം ബ്ലോക്ക് പഞ്ചായത്തിനെ പാലുത്പാദനത്തിൽ സ്വയംപര്യാപ്തമാക്കുന്നതിനും സഹായിക്കും.

## 3-5 ഡ്രൈവിംഗ് ലൈസൻസില്ലാത്ത വികലാംഗർക്ക് മുച്ചക്രവാഹന വിതരണം

| പ്രോജക്ട് നം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| 73/2015-16 | 11,20,000/-രൂപ | 6,28,350/- രൂപ | 56% |

ബിൽ നം. 001/15 തീയതി 18.8.2015 തുക 628350/-

ഈ പദ്ധതി പ്രകാരം 2015-16 സാമ്പത്തികവർഷം നേമം ബ്ലോക്ക് പഞ്ചായത്തിനു കീഴിലെ വിവിധ പഞ്ചായത്തുകളിലെ 10 വികലാംഗർക്ക് 62,835/- രൂപ വിലയുള്ള ട്രൈസ്കൂട്ടറുകൾ കെൽട്രോണിൽ നിന്നും വാങ്ങി വിതരണം ചെയ്തു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | വികലാംഗതയുടെ ശതമാനം | ഗ്രാമപഞ്ചായത്ത് |
|---|---|---|---|
| 1 | ശ്രീ.കിരൺദാസ് , ചെറുകോട് കുന്നുമല,വിളപ്പിൽശാല | 50 | വിളപ്പിൽ |
| 2 | ശ്രീ.മോഹനചന്ദ്രൻ വി., ശ്രീരാഗം പനവിളാകം, പേയാട് പി.ഒ. | 57 | വിളപ്പിൽ |
| 3 | ശ്രീ.അമ്പിളിക്കുട്ടൻ വി., മണികണ്ഠവിലാസം പാലോട്ടുവിള മലയിൻകീഴ് പി. ഒ. | 70 | മലയിൻകീഴ് |
| 4 | ശ്രീ.വിജയകുമാരൻ ജി., വിജയനിവാസ് കുന്നുവിളാകത്ത് വലിയറത്തല, മച്ചേൽ പി.ഒ. | 50 | മലയിൻകീഴ് |
| 5 | ശ്രീ.അനിൽകുമാർ, അനിൽഭവൻ ഊറവൂർ, പെരുകാവ്.പി.ഒ. | 60 | വിളവൂർക്കൽ |
| 6 | ശ്രീ.ശിവകുമാർ.പി., രാധാനിലയം | 50 | ബാലരാമപുരം |
| 7 | ശ്രീ.എസ്.സാബു, താന്നിവിള, കരയ്ക്കാട്ടുവിള വീട് | 50 | പള്ളിച്ചൽ |
| 8 | ശ്രീ.ഉദയകുമാർ, വാറുവിളാകത്തുവീട് കാക്കാമൂല, കല്ലിയൂർ പി.ഒ. | 60 | കല്ലിയൂർ |
| 9 | ശ്രീ.ജലജൻ, വടക്കരികത്ത് താഴെത്തട്ട് വീട് കോട്ടാക്കോണം, കട്ടച്ചൽക്കുഴി | 50 | ബാലരാമപുരം |
| 10 | ശ്രീ.വിഷ്ണു, കന്നാന്റെവിള പുത്തൻവീട് പാപ്പാൻചാണി, വെള്ളായണി പി.ഒ. | 50 | കല്ലിയൂർ |

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സഞ്ചാരസഹായികൾ എന്ന പദ്ധതി 12-ാം പഞ്ചവത്സര പദ്ധതി, സബ്സിഡി മാർഗ്ഗരേഖ ഖ.5(4) ജി.ഒ.(എം.എസ്.) 4/2016ത.സ്വ.ഭ.വ.തീയതി.11.01.2016 എന്നിവയിൽ നിഷ്കർഷിക്കും പ്രകാരമാണ് പ്രാവർത്തികമാക്കിയിരിക്കുന്നത്. പ്രസ്തുത പ്രോജക്ടിന്റെ കരാറിൽ "മൂന്നു മാസത്തിനുള്ളിൽ ട്രൈസ്കൂട്ടർ ഓടിക്കുന്നതിനുള്ള ലൈസൻസ് എടുക്കുമെന്ന് സമ്മതിച്ചുകൊള്ളുന്നു" എന്ന് ഗുണഭോക്താക്കൾ വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ പദ്ധതി നടപ്പിലാക്കി ഒരു വർഷം കഴിഞ്ഞിട്ടും ഗുണഭോക്താക്കളിൽ

ആരുംതന്നെ നാളിതുവരെ ഡ്രൈവിംഗ് ലൈസൻസ് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.2 തീയതി 18.01.2017ന് എത്രയും വേഗം ഡ്രൈവിംഗ് ലൈസൻസ് ഹാജരാക്കണമെന്ന് 10 ഗുണഭോക്താക്കളെയും ഫോൺ വഴി അറിയിച്ചിട്ടുണ്ടെന്നും രജിസ്റ്റേഡ് കത്ത് അയച്ച് അവരിൽ നിന്ന് ലൈസൻസ് വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥയുടെയും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെയും അടിയന്തര ശ്രദ്ധ പതിയേണ്ടതാണ്.

## 3-6 വലിയകോണം - കരുവിലാഞ്ചി റോഡ് റീ ടാറിംഗ്

| പ്രോജക്ട് നം. | പ്രോജക്ട് വിഭാഗം | അടങ്കൽ തുക | ചെലവ് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 125/2015-16 | വികസനഫണ്ട് (ടി.എസ്.പി) | 269000/-രൂപ | 269000/- | അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ |

തിരുവനന്തപുരം ജില്ലാപഞ്ചായത്ത് നടപ്പിലാക്കിയതിന്റെ അനുബന്ധ പ്രവൃത്തിയായാണ് ഈ പദ്ധതി നടപ്പിലാക്കിയത്. നിർദ്ദിഷ്ട പദ്ധതി 165 മീറ്റർ നീളത്തിലും മൂന്ന് മീറ്റർ വീതിയിലുമാണ് ചെയ്തിരിക്കുന്നത്. എന്നാൽ പ്രോജക്ടിൽ പറഞ്ഞിരിക്കുന്ന രണ്ടു സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ലായെന്ന് സ്ഥലപരിശോധനയിൽ വ്യക്തമായി. ഇത് പദ്ധതി രൂപീകരണത്തിലുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. കരുവിലാഞ്ചി വരെ റോഡ് നിർമ്മിച്ച് പൊതുജനത്തിന്റെ ഉപയോഗത്തിനായി കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 3-7 സി.എച്ച്.സി മലയിൻകീഴ് - ഓഫീസ് അനിവാര്യ ചെലവുകൾ - ബിൽബുക്ക് ഹാജരാക്കിയില്ല – 4,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവ് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 100/2015-16 | സി.എച്ച്.സി മലയിൻകീഴ് - ഓഫീസ് അനിവാര്യ ചെലവുകൾ | 400,000/-രൂപ | - | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മലയിൻകീഴ് |

പദ്ധതിയുടെ അനുബന്ധരേഖകൾ ഓഡിറ്റിനു ഹാജരാക്കിയതിൽ ക്യാഷ് ബുക്കും ബിൽ ബുക്കും ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം 8/17 തിയതി 21.01.2017ന് മറുപടി നല്കിയിട്ടില്ല. ആയതിനാൽ പദ്ധതി പ്രകാരം ചെലവഴിച്ച 4,00,000/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അനുബന്ധ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 മലയിൻകീഴ് ഫെസ്റ്റ് 2015 – അപാകതകൾ 52,000/- രൂപ നിരാകരിക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | തുക, ബിൽ നം, തീയതി | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 109/2015-16 | നേമം ബ്ലോക്ക് പഞ്ചായത്ത് കാർഷിക കന്നുകാലി വ്യാവസായിക പ്രദർശനവും പുതിയ സാങ്കേതിക വിദ്യയുടെ പരിചയപ്പെടലും | 500,000/- 6/15-16 തീയതി 19.09.2015 | സെക്രട്ടറി |

മലയിൻകീഴ് ഫെസ്റ്റ് 2015 എന്ന പേരിൽ കന്നുകാലി ആരോഗ്യ വ്യാവസായിക പ്രദർശനവും ആധുനിക സാങ്കേതികവിദ്യകളുടെ പ്രദർശനവും ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന ഗവ.ഗേൾസ് ഹയർസെക്കന്ററി സ്കൂൾ കോമ്പൗണ്ട്, ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ട്, എൽ.പി.സ്കൂൾ എന്നിവിടങ്ങളിൽ നടത്താൻ തീരുമാനിച്ചു. ഫെസ്റ്റിന്റെ മാറ്റ് കൂട്ടുന്നതിനായി സംസ്ഥാന യുവജനക്ഷേമ ബോർഡ് (50,000/-), സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് (50,000/-) മലയിൻകീഴ് ഗ്രാമപഞ്ചായത്ത് (50,000/-) മലയിൻകീഴ് സെൻട്രൽ ബാങ്ക് (15,000/-) മലയിൻകീഴ് കെ.എസ്.എഫ്.ഇ. (5,000/-) കില (100,000/-)എന്നിവരിൽ നിന്ന് തുകകൾ സ്വീകരിക്കുകയും വികസന ഫണ്ടിൽ നിന്നും 5 ലക്ഷം രൂപ ഉൾപ്പെടെ 770,000/- രൂപ അടങ്കലിൽ ഫെസ്റ്റിന് തുടക്കം

കുറിക്കുകയും ചെയ്തു. പദ്ധതി, തുടക്കത്തിൽ പറഞ്ഞിരുന്നതു പോലെ ബന്ധപ്പെട്ട സ്കൂളുകളിൽ നടത്താതെ യാതൊരു കരാറും ഉൾപ്പെടുത്താതെ (കരാർ പത്രം) ഒരു സ്വകാര്യ വ്യക്തിയുടെ നിരപ്പില്ലാത്ത സ്ഥലത്ത് ഫെസ്റ്റ് നടത്തുന്നതിനായി സ്ഥലം നിരപ്പാക്കുന്നതിന് ജെ.സി.ബി., ടിപ്പർ വാടകയായി 52,000/- രൂപ ചെലവഴിച്ചത് ഗുരുതരമായ ക്രമക്കേടായി ഓഡിറ്റ് വിലയിരുത്തുന്നു. ടി ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. മലയിൻകീഴ് സെൻട്രൽ ബാങ്ക്, കെ.എസ്.എഫ്.ഇ എന്നിവയുടെ പരസ്യം വയ്ക്കുന്നതിന് 20,000/-രൂപ ചെലവഴിച്ചത് വീഴ്ചയായി വിലയിരുത്തുന്നു. ഈ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.5-ന് ബന്ധപ്പെട്ട സ്കൂളുകളിൽ ഭൗതികസാഹചര്യം കുറവാണെന്നും ഓണപ്പരീക്ഷ നടക്കുന്ന വെന്നുമുള്ള (23 മുതൽ 26 വരെയുള്ള തീയതികളിൽ ഓണാവധിയായിരുന്നു. ഇതുമായി ബന്ധപ്പെട്ട് നടത്തിയ സ്ഥലപരിശോധനയിൽ ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ പരിസരം വളരെ വിപുലമായ സ്ഥല സൗകര്യമുള്ളതാണെന്ന് ബോദ്ധ്യപ്പെട്ടു.) മറുപടി അംഗീകരിക്കാവുന്നതല്ല.കാർഷിക കന്നുകാലി വ്യാവസായിക പ്രദർശനം എന്ന പേരിൽ പദ്ധതി രൂപീകരിക്കുകയും 356,000/- രൂപ പന്തൽ, സ്റ്റേജ് എന്നിവയ്ക്കും 82,000/- രൂപ ലൈറ്റ് ആന്റ് സൗണ്ട്സ് എന്നിവയ്ക്കും 45,000/- രൂപ മാജിക് ഷോ, ഗാനമേള, കഥാപ്രസംഗം, പഞ്ചാരിമേളം എന്നിവയ്ക്കും ചെലവഴിച്ചത് വീഴ്ചയായി വിലയിരുത്തുന്നു.

ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ പരിസരത്തിന്റെ ചിത്രങ്ങൾ ചുവടെ.

മേൽ സൂചിപ്പിച്ച പ്രകാരം നിരാകരിച്ച 52,000/-രൂപ നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-9 പദ്ധതിരൂപീകരണത്തിൽ പാളിച്ച – 500,000/- രൂപ തടസ്സപ്പെടുത്തുന്നു

| പ്രോജക്ട് നം തുക | പ്രോജക്ടിന്റെ പേര് | തുക, ബിൽ നം, തിയതി | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 77/2015-16<br>100,000/-<br>(വികസന ഫണ്ട്) | പട്ടികജാതി യുവാക്കൾക്ക്<br>സ്വയം തൊഴിൽ സംരംഭം - ഓട്ടോറിക്ഷ വാങ്ങൽ | 1) 50,000/-CB1/BP/2015-16 തീയതി. 29.09.2015<br>2) 50,000/-CB2/BP/2015-16 തീയതി 30.09.2015<br>3) 250,000/-CB4/BP/2015-16 തീയതി 02.10.2015<br>4) 50,000/-CB7/BP/2015-16 തീയതി 28.12.2015<br>5) 50,000/-CB5/BP/2015-16 തീയതി 25.01.2016<br>6) 50,000/-CB8/BP/2015-16 തീയതി 11.12.2016<br>7) 200,000/-CB9/BP/2015-16 തീയതി 22.03.2016<br>8) 100,000/-CB10/BP/2015-16 തീയതി 29.03.2016 | പട്ടികജാതി വികസന ഓഫീസർ |

മേൽ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളുടെ ഗ്രാമസഭാ തീരുമാനത്തിലെ അർഹതയുള്ള 20 പേർക്ക് ഓട്ടോ വാങ്ങുന്നതിനായി 50,000/-രൂപ ധനസഹായം എന്ന നിലയിൽ നടപ്പിലാക്കിയിരിക്കുന്നു. എന്നാൽ ധനസഹായം ലഭ്യമായ 20 പേരിൽ 10 പേർ ബജാജ് ഫൈനാൻസ് എന്ന സ്ഥാപനത്തിൽ നിന്നും തുക സ്വീകരിച്ചതായി കാണുന്നു. പദ്ധതി മാർഗ്ഗരേഖ അനുബന്ധം 16 -3(7) പ്രകാരം

ധനസഹായത്തുക ഏൺഡ് സബ്സിഡിയായി ബാങ്കിലേക്ക് നല്കണമെന്നും റിസർവ് ബാങ്കിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനമാകണമെന്നും ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന സ്ഥാപനമാകണമെന്നും ഉള്ള രീതികൾ പിന്തുടർന്നില്ല.ബന്ധപ്പെട്ട സ്ഥാപനത്തിന്റെ പലിശനിരക്ക് (16.35 %) വളരെ കൂടുതൽ ആയതിനാൽ ഗുണഭോക്താക്കൾക്ക് ഭാവിയിൽ ഇത് ഒരു ബാദ്ധ്യതയായി മാറാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട നല്കിയ എൻക്വയറി നം.6- ന് മറുപടി നൽകിയില്ല.

## 3-10 ഐ.എ.വൈ. ഭവന നിർമ്മാണം - പണി പൂർത്തിയാക്കിയിട്ടില്ല

2015–16 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതിയിൽ 419 ഗുണഭോക്താക്കളിൽ 43 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഗ്രാമ പഞ്ചായത്ത് | തുക |
|---|---|---|---|
| 1 | നിഷ, ഇലന്നൂത്ത്നട വീട്, വെടിവച്ചാൻകോവിൽ | പള്ളിച്ചൽ | 19500 |
| 2 | കുമാർ മുരുകൻ, കുലച്ചപിച്ചകം, അയണിമൂട് | പള്ളിച്ചൽ | 69500 |
| 3 | സിന്ധു, മായംകോട് വീട്, പള്ളിച്ചൽ | പള്ളിച്ചൽ | 161500 |
| 4 | സരസമ്മ, വള്ളംകോട്ട്കോണം, കിഴക്കിൻകര പുത്തൻവീട്, മൊട്ടമൂട് | പള്ളിച്ചൽ | 17500 |
| 5 | രാമചന്ദ്രൻ ആശാരി, കഞ്ഞിവിഴ്ക്ക് വിളവീട്, ഇടക്കോട് നേമം | പള്ളിച്ചൽ | 59500 |
| 6 | കലാകുമാരി, ആശാരിവിളാകം, പള്ളിച്ചൽ, നേമം | പള്ളിച്ചൽ | 189500 |
| 7 | ഷാജി സൗമ്യ, കട്ടച്ചൽ വീട്, പള്ളിച്ചൽ (പി.ഓ.) | പള്ളിച്ചൽ | 111500 |
| 8 | ചന്ദ്രിക, തേരിക്കവിള വീട്, വെടിവച്ചാൻകോവിൽ | പള്ളിച്ചൽ | 161500 |
| 9 | യശോദ സിന്ധു, മുടവൂർപ്പാറ, ബാലരാമപുരം. | പള്ളിച്ചൽ | 189500 |
| 10 | ലീല, ഏറത്ത് വിള, മുടവൂർപ്പാറ | പള്ളിച്ചൽ | 111500 |
| 11 | പൊന്നയ്യൻ, തെക്കേക്കര പുത്തൻവീട്, മലയം | പള്ളിച്ചൽ | 161500 |
| 12 | രാജേഷ്/ഷീജ, കരട് തരിശ്ശ് പുത്തൻവീട് | പള്ളിച്ചൽ | 59500 |
| 13 | ആതിര ലെന ചുമട്ടരക്കവിള, ഇടക്കോട്, നേമം | പള്ളിച്ചൽ | 17500 |
| 14 | സീന പ്രദീപ്, ചരലുവിള, പാലച്ചൽകോണം | ബാലരാമപുരം | 59500 |
| 15 | ഗീതാലക്ഷ്മി, ഗിരീഷ് കുമാർ, അഴിപ്പിൽ മേലേ പുത്തൻവീട്, ബാലരാമപുരം | ബാലരാമപുരം | 17500 |

| | | | |
|---|---|---|---|
| 16 | സൗമ്യ വിജയൻ, നെല്ലിവിള ലക്ഷം വീട് | ബാലരാമപുരം | 59500 |
| 17 | സജിത എസ്. ആർ., എസ്.ആർ.ഹൗസ്, നെല്ലിവിള | ബാലരാമപുരം | 59500 |
| 18 | ഹിമനാഥ്, എത്തിർക്കരവിളാകം, തേമ്പാമുട്ടം, ബാലരാമപുരം | ബാലരാമപുരം | 17500 |
| 19 | ശ്യാമള, ഇലഞ്ഞികുളം പുതുവൽ പുത്തൻവീട്, തേമ്പാമുട്ടം | ബാലരാമപുരം | 139500 |
| 20 | ഷീജാറാണി, അശ്വതി ഭവൻ, ചെറുമല | ബാലരാമപുരം | 17500 |
| 21 | ശ്രുകല, കോനാട്ട് പുത്തൻവീട്, പെരുമ്പഴുതൂർ | ബാലരാമപുരം | 161500 |
| 22 | ഗോപി, ചെറുമലപുത്തൻവീട്, എരുത്താവൂർ | ബാലരാമപുരം | 189500 |
| 23 | രാജം, തെക്കേമലഞ്ചരിവ്, എരുത്താവൂർ | ബാലരാമപുരം | 161500 |
| 24 | ബിന്ദു. ജി.ഡി., കല്ലടത്തല കുഴിവീട്, പള്ളിമുക്ക്, പേയാട് | വിളവൂർക്കൽ | 111500 |
| 25 | യമുന. കെ.എസ്, കൊല്ലക്കര പുത്തൻവീട്, പനങ്ങോട്, പേയാട് (പി.ഒ.) | വിളവൂർക്കൽ | 59500 |
| 26 | മല്ലിക.എസ്., പൂരം നിവാസ്, കവലോട്ട്കോണം, പെരുകാവ് | വിളവൂർക്കൽ | 17500 |
| 27 | ലേഖാ സുരേഷ്, വേലൻവിലാളകത്ത് മേലേത്തട്ട് പുത്തൻവീട്, പെരുകാവ് | വിളവൂർക്കൽ | 59500 |
| 28 | സ്വർണ്ണമ്മ ഷിബു, തേരവിള പുത്തൻവീട്, ഐത്തിക്കോണം, ചൂഴാറ്റുകോട്ട | വിളവൂർക്കൽ | 111500 |
| 29 | ജയന്തികുമാരി പ്രകാശ്, തോപ്പിൻ വീട്, ചൂഴാറ്റുകോട്ട | വിളവൂർക്കൽ | 59500 |
| 30 | ബിന്ദു വി.ആർ., സുനിൽകുമാർ, ശ്യാമള ഭവൻ, തുടിപ്പോട്ടുകോണം, പെരുകാവ് പി.ഓ. | വിളവൂർക്കൽ | 59500 |
| 31 | രാധ റ്റി., കുവപള്ളിവിളാകം, തെരളിക്കുഴി, കണ്ടല | മാറനല്ലൂർ | 17500 |
| 32 | ബിന്ദു.വി., ആതിര ഭവൻ, പൊറ്റവിള, കല്ലിയൂർ പി.ഒ. | കല്ലിയൂർ | 111500 |
| 33 | സുജ ബീന, വാറുവിള വീട്, കേളേശ്വരം, കല്ലിയൂർ.പിഓ. | കല്ലിയൂർ | 17500 |
| 24 | ലേഖ രതീഷ്, ചൊവ്വള്ളൂർ, വിളപ്പിൻശാല | വിളപ്പിൽ | 161500 |
| 35 | സൗമ്യമോൾ പ്രമോദ്, മൈലമുക്ക് പുത്തൻവീട്, ചൊവ്വള്ളൂർ | വിളപ്പിൽ | 59500 |
| 36 | സരിതാ മധു, പൂവണംവിള വീട്, ഊറ്റുക്കുഴി വിളപ്പിൻശാല | വിളപ്പിൽ | 17500 |
| 37 | ഷൈജുമോൻ, ജിജു ഭവൻ, കാരോട്, വിളപ്പിൻശാല | വിളപ്പിൽ | 17500 |

| | | | |
|---|---|---|---|
| 38 | ശാന്ത, നിലമേൽ കോളനി, വിളപ്പിൻശാല | വിളപ്പിൽ | 45000 |
| 39 | രാജൻ, അരുൺ നിവാസ്, പുറ്റുമേൽകോണം വിളപ്പിൻശാല | വിളപ്പിൽ | 17500 |
| 40 | പ്രേമൻ, പനങ്ങോട്ട് മേലേ റോഡരികത്ത് പുത്തൻവീട് | മലയിൻകീഴ് | 17500 |
| 41 | വസന്ത തച്ചോട്ട് കുന്ന് മലയിൻകീഴ് | മലയിൻകീഴ് | 69500 |
| 42 | ജലജ രാജീവ്, സുരഭി ഭവൻ, തച്ചോട്ട് കുന്ന് | മലയിൻകീഴ് | 161500 |
| 43 | ആതിര അരുൺ , എൽ.എച്ച്. നഗർ, തറട്ട, മലയിൻകീഴ് പി.ഒ. | മലയിൻകീഴ് | 161500 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക്.നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | തൈവിള തുറവൂർ കണ്ടൻ ശാസ്താംപാറ റോഡ് ഇലക്ട്രിക്കൽ ലൈൻ ദീർഘിപ്പിക്കൽ | - | 498375 | 498375 | - |
| KWA | പുളിവിളാകത്ത് റോഡിൽ 75 mm പി.വി.സി പൈപ്പ് ലൈൻ നീട്ടൽ | - | 250000 | 250000 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | നമ്പർ/തീയതി | | ബാക്കിയുണ്ടായിരുന്ന തുക | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ(സാധ) 1030/10/ ത.സ്വ.ഭ.വ തീയതി. 25.03.2010 | 31144300 | - | 3114430 | | - |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ക്രമ നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് വർഷം | ഓഡിറ്റ് ഖണ്ഡിക |
|---|---|---|---|
| 1 | 2003-04 | 2000-01 | ഖ.2 |
| 2 | 2003-04 | 2000-01 | ഖ.26 &27 |
| 3 | 2003-04 | 2000-01 | ഖ.30 |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : 18,64,00,347 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 15,40,41,632 |
| വരവിനങ്ങളിലുള്ള നഷ്ടം | : - |
| ചെലവിനങ്ങളിലുള്ള നഷ്ടം | : 52,000 |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 52,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 9,20,000 |

*(ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| - | - | 52000/- | ശ്രീ. ബി. കൃഷ്ണൻകുട്ടിനായർ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3 -7 | 4,00,000/- | മെഡിക്കൽ ഓഫീസർ,സി എച്ച് സി മലയിൻകീഴ് |

| | | |
|---|---|---|
| 3-8 | 20,000/- | ശ്രീ.കൃഷ്ണൻകുട്ടി നായർ, സെക്രട്ടറി |
| 3-9 | 5,00,000/- | ശ്രീ.അബ്ദുള്ളക്കുഞ്ഞ്, പട്ടികജാതി വികസന ഓഫീസർ |
| ആകെ | 9,20,000/- | |

*(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

*(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | എൽ.എഫ്.റ്റി.ഡി.ബി.&ഡി/640/09 തീയതി 16.03.2013 | 31 (നിയമസഭാസമിതി), 33, 34, 35 | 4 |
| 1999-2000 | എൽ.എഫ്.റ്റി.ഡി.ബി.&ഡി/641/09 തീയതി 06.09.2013 | 24, 25, 29, 30, 31, 32, 34, 35, 36, 38 | 10 |
| 2000-01 | എൽ.എഫ്.റ്റി.ഡി.ബി.&ഡി/1423/08 തീയതി 05.11.2012 | 24, 25, 28, 29, 34 | 5 |
| 2001-02 | എൽ.എഫ്.റ്റി.ഡി.ബി.&ഡി/441/11 തീയതി 05.11.2012 | 2.8, 2.14, 3.1, 3.2, 3.3, 3.4 | 6 |
| 2002-03 | എൽ.എഫ്.റ്റി.ഡി.ബി.&ഡി/1094/10 തീയതി 05.11.2012 | 3.1, 3.2, 3.3, 3.5, 3.6, 3.7, 3.8, 3.9, 3.10, 3.11 | 10 |
| 2003-04 | എൽ.എഫ്.റ്റി.ഡി.ബി.&ഡി/1096/10 തീയതി 05.11.2012 | 3.1, 3.2 | 2 |
| 2004-05 | എൽ.എഫ്.റ്റി.ഡി.ബി.&ഡി/1095/10 തീയതി 05.11.2012 | 3.1, 3.2, 3.4, 3.5, 3.7 | 5 |
| 2005-06 | എൽ.എഫ്.റ്റി.ഡി.ബി.&ഡി/1677/09 തീയതി 18.03.2013 | 3.1 | 1 |
| 2006-07 | എൽ.എഫ്.റ്റി.ഡി.ബി.&ഡി/1968/13 തീയതി 18.11.2014 | 3.1 (എ), (ബി), 3.2, 3.3 (ഭരണതല നടപടി), 3.4, 3.5 | 6 |

| | | | |
|---|---|---|---|
| 2007-08 | എൽ.എഫ്.റ്റി.ഡി.ബി.&ഡി/310/11 തീയതി 16.03.2013 | 2.3, 3.2, 3.3 | 3 |
| 2008-09 | എൽ.എഫ്.റ്റി.ഡി.ബി.&ഡി/2128/12 തീയതി 16.03.2013 | 3.1, 3.2, 3.3 | 3 |
| 2009-10 | എൽ.എഫ്.റ്റി.ഡി.ബി.&ഡി/2129/12 തീയതി 16.03.2013 | 3.1, 3.2, 3.3, 3.4, 3.5 | 5 |
| 2010-11 | എൽ.എഫ്.റ്റി.ഡി.ബി.&ഡി/2130/12 തീയതി 16.03.2013 | 3.1, 3.2, 3.3, 3.4, 3.5, 3.8 | 6 |
| 2011-12 | എൽ.എഫ്.റ്റി.ഡി.ബി.&ഡി/2252/14 തീയതി 15.11.2014 | 3.1 മുതൽ 3.9 വരെ | 9 |
| 2012-13 | എൽ.എഫ്.റ്റി.ഡി.ബി.&ഡി/626/15 തീയതി 03.07.2015 | 3.1, 3.2, 3.3, 3.5, 3.6, 3.10, 3.11, 3.12, 3.13 | 9 |

ഒപ്പ്/-
ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

അനുബന്ധം-1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4)-1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളതൊഴികെ നേമം ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക 2015-16 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും 2003ജൂൺ 12-ലെ നമ്പർ: 319/2003/ധന, തിയതി:12.06.2003 ഉത്തരവും അനുസരിച്ചാണ്.

## ന്യൂനതകളുടെ സംഗ്രഹം

1. സ്ഥാപനത്തിന്റെ മുഴുവൻ ആസ്തി വിവരവും വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.

2. സ്റ്റോക്ക് & സ്റ്റോർസ് മൂല്യാധിഷ്ഠിതമായി തയ്യാറാക്കി വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഒപ്പ്/-
ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.